"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം - വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ സ്ഥലംമാറ്റം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA(EKM) 1367/2025** നമ്പർ കേസിലെ അന്തിമ ഉത്തരവ് - പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.**3887/2026/GEDN** തീയതി,തിരുവനന്തപുരം, **10-06-2026**

---

പരാമർശം:-

1. സ.ഉ (കൈ) നം. **152/2021**/പൊ.വി.വ തീയതി **29/06/2021**
2. സ.ഉ (കൈ) നം. **170/2023**/പൊ.വി.വ തീയതി **06/11/2023**
3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **11/08/2025**-ലെ **OA(EKM) No. 1249/2025** നമ്പർ വിധിന്യായം
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **09/09/2025**-ലെ **OA(EKM) No. 1367/2025** നമ്പർ വിധിന്യായം
5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **15/01/2026**-ലെ **OA(EKM) No. 1367/2025** നമ്പർ വിധിന്യായം

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കൈതാരം **GVHSS**-ലെ വൊക്കേഷണൽ ഇൻസ്ട്രക്ടറായ ശ്രീ. പ്രമോദ് കുമാർ ഡി. 2025-2026 അധ്യയന വർഷത്തെ പൊതു സ്ഥലംമാറ്റത്തിനായി അപേക്ഷ ക്ഷണിച്ചപ്പോൾ അനുകമ്പാർഹ വിഭാഗത്തിൽ ടി. സ്കൂളിൽ തന്നെ നിലനിർത്തുന്നതിനായി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ, സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ടിയാന് തൃശ്ശൂർ ജില്ലയിലെ കടപ്പുറം **GVHSS** ലേക്കാണ് സ്ഥലംമാറ്റം ലഭിച്ചതെന്നും ആയത് പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ മുമ്പാകെ **23.9.2025** തീയതിയിൽ അപ്പീൽ സമർപ്പിക്കുകയും ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ **OA(EKM) 1367/2025** നമ്പർ കേസ് ഫയൽ ചെയ്യുകയുമുണ്ടായി. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിലെ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

***Accordingly, the Original Application is disposed with a direction to the 1st respondent to consider Annexure A14 representation and pass early orders on the***

***same within a period of six weeks from the date of receipt of a copy of this order, after hearing the applicant. To facilitate this, the applicant shall produce a copy of Annexure A14 representation along with a copy of this order, before the 1st respondent within two weeks from today.***

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) ഉത്തരവിൻ പ്രകാരം ശ്രീ പ്രമോദ് കുമാർ ഡി സമർപ്പിച്ച **A14 representation** പരിശോധിക്കുന്നതിനായി 17.4.2026-ന് നടത്തിയ നേർക്കാഴ്ചയിൽ, അപ്പീൽ അപേക്ഷകനും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ (വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം) പ്രതിനിധിയും പങ്കെടുത്തിരുന്നു. ശ്രീ. പ്രമോദ് കുമാർ.ഡി ഉന്നയിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു.

(a) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പിൽ GVHSS കൈതാരം (907011) സ്കൂളിൽ വൊക്കേഷണൽ ഇൻസ്ട്രക്ടറായി ജോലി ചെയ്തിരുന്ന താൻ 2025-26 ലെ പൊതുസ്ഥലം മാറ്റത്തോടനുബന്ധിച്ച് നടന്ന അനുകമ്പാർഹ സ്ഥലം മാറ്റത്തിൽ അവിടെ തന്നെ തുടരുന്നതിന് വേണ്ടി അപേക്ഷിച്ചിരുന്നു.

(b) ഇതിനടിസ്ഥാനമായത് ഒന്നാമതായി താൻ ഒരു കരൾ ദാതാവും അതിനോടനുബന്ധിച്ചുള്ള തന്റെ ആരോഗ്യപ്രശ്നങ്ങളുമാണ്. രണ്ടാമതായി താൻ കരൾ ദാനം ചെയ്ത തന്റെ അമ്മയ്ക്കുണ്ടായ ഗുരുതര ആരോഗ്യ പ്രശ്നങ്ങളാണ്.

(c) സ്ഥലം മാറ്റത്തിനായി പ്രസിദ്ധീകരിച്ച കരട് പട്ടികയിൽ തനിക്ക് തൃശൂർ ജില്ലയിലെ ചാവക്കാടുള്ള GVHSS കടപ്പുറം (908019) എന്ന സ്കൂളിലേക്ക് മാറ്റി നൽകിയിരുന്നു. ഇതിനെതിരെ താൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ചതിനെ തുടർന്ന് പരാമർശം (3) ഉത്തരവ് പ്രകാരം ബഹു. പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ഈ കാര്യം പരിഗണിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകി.

(d) പക്ഷെ അന്തിമ ഉത്തരവിലും യാതൊരു വ്യത്യാസവുമില്ലാതെ തന്നെ GVHSS കടപ്പുറം (908019) ലേക്ക് സ്ഥലം മാറ്റി. തുടർന്ന് താൻ വീണ്ടും ട്രിബ്യൂണലിനെ സമീപിക്കുകയും ഈ കേസിന്റെ അന്തിമ ഉത്തരവിന് വിധേയമായിരിക്കും തന്റെ GVHSS കടപ്പുറം ലേക്കുള്ള സ്ഥലം മാറ്റം എന്ന് പരാമർശം (4) പ്രകാരം ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

(e) പിന്നീട് പരാമർശം (5) പ്രകാരമുള്ള അന്തിമ ഉത്തരവിൽ ബഹു. പൊതുവിദ്യാഭ്യാസ സെക്രട്ടറിയോട് പരാതി പരിഗണിച്ച് ഉത്തരവിടാൻ

ആവശ്യപ്പെട്ടിരുന്നു.

(f) ഇതിനിടെ തന്റെ അമ്മയുടെ ആരോഗ്യനില കൂടുതൽ വഷളാവുകയും കഴിഞ്ഞ ആറ് മാസമായി പലതവണ അമ്മയെ കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ അഡ്മിറ്റാക്കുകയും ഈ കാലയളവിൽ തനിക്ക് ചാവക്കാട് നിന്നുള്ള ദീർഘയാത്രയും കഴിഞ്ഞ് അമ്മയുടെ ചികിത്സാ കാര്യങ്ങൾ പൂർണ്ണമായി പരിപാലിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്തു. ഇതിനിടെ 19/02/2026 ന് താൻ ജോലി സ്ഥലത്തായിരുന്നപ്പോൾ അസുഖം മൂർച്ഛിച്ച് അമ്മ മരണപ്പെട്ടു.

(g) ഈ ദുർഘടാവസ്ഥയിലെങ്കിലും അങ്ങേയ്ക്ക് 23/09/2025-ൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് തനിക്ക് GVHSS കൈതാരം (907011) ലേക്ക് റീ ട്രാൻസ്ഫർ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച വാദങ്ങൾ ചുവടെ ചേർക്കുന്നു:

(a) ഹർജിക്കാരനായ ശ്രീ. പ്രമോദ്കുമാർ. ഡി തൃശ്ശൂർ ജില്ലയിലെ കടപ്പുറം ജി.വി.എച്ച്.എസ്.-സ്കൂളിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർ ആയി സേവനമനുഷ്ഠിക്കുന്നു. ടിയാളുടെ ഹോം സ്റ്റേഷൻ എറണാകുളം ജില്ലയാണ്.

ടിയാളുടെ സേവന വിവരങ്ങൾ ചുവടെ നൽകുന്നു.

- GVHSS Ramavarmapuram - 6/10/2009 – 9/7/2013
- GVHSS (Boys) Kunnamkulam - 10/07/2013 - 05/02/2017
- GVHSS Kaitharam - 6/2/2017 - 10/09/2025
- GVHSS Kadappuram - After Court order

(b) ഹർജിക്കാരനായ ശ്രീ. പ്രമോദ്കുമാർ. ഡി ഇതിനു മുൻപ് കമ്പാഷനേറ്റ് ട്രാൻസ്ഫർ ആനുകൂല്യം ലഭിച്ചതിനാൽ ടിയാളുടെ ഹോം സ്റ്റേഷനായ എറണാകുളം ജില്ലയിൽ നിയമനം നൽകിയിരുന്നു. ടിയാൾ ദീർഘകാലം ഹോം സ്റ്റേഷനിൽ കമ്പാഷനേറ്റ് പരിഗണനയോടെ സേവനം അനുഷ്ഠിച്ചിട്ടുള്ളതാണ്.

(c) വി.എച്ച്.എസ്.ഇ വകുപ്പിലെ പൊതുസ്ഥലമാറ്റ ഉത്തരവിലെ ഖണ്ഡിക 6 (iv) പ്രകാരം, പ്രസ്തുത വർഷത്തെ പൊതുസ്ഥലമാറ്റ പ്രക്രിയയിൽ എറണാകുളം ജില്ലയിൽ MRDA വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിൽ ഉണ്ടായിരുന്ന ഏക ഒഴിവ്, ടിയാൾ സേവനം അനുഷ്ഠിക്കുന്ന കൈതാരം ജി.വി.എച്ച്.എസ്. സ്കൂളിൽ ആയിരുന്നു.

(d) ഹർജിക്കാരൻ ഇതിനു മുൻപ് കമ്പാഷനേറ്റ് പരിഗണനയിൽ ഹോം ജില്ലയിൽ സേവനമനുഷ്ഠിച്ചിരുന്നതിനാൽ Clause 6(iv) ൽ നിഷ്കർഷിച്ചിരിക്കുന്ന 50% പരിധി ലംഘിച്ചതിനാലും അതേ സ്കൂളിൽ നിലനിർത്താനാവില്ല.

(e) അപേക്ഷകൻ ജനറൽ ട്രാൻസ്ഫർ അപേക്ഷയിൽ നൽകിയ ഓപ്ഷനുകൾ താഴെ നൽകുന്നു.

1) GVHSS Kaitharam

2) GVHSS Tripunithura

3) GVHSS Ramavarmapuram

4) GVHSS (Boys) Kunnamkulam

5) GVHSS Kadappuram

6) GVHSS Meenchantha

7) GRFT VHSS Tanur

8) GVHSS Pathiripala

9) GVHSS Kanchikode

(f) പൊതുസ്ഥലമാറ്റ നിയമത്തിലെ Clause 6(iv) ലെ വ്യവസ്ഥകൾ കാരണം ടിയാളുടെ ഒന്നാം ഓപ്ഷനായ കൈതാരം ജി.വി.എച്ച്.എസ്. സ്കൂളിൽ നിലനിർത്താൻ സാധിക്കാത്തതിനാൽ അപേക്ഷകനെ ടിയാളുടെ അഞ്ചാം ഓപ്ഷനായ തൃശ്ശൂർ ജില്ലയിലെ കടപ്പുറം ജി.വി.എച്ച്.എസ്. സ്കൂളിൽ നിയമനം നൽകി.

(g) ഹർജിക്കാരൻ ഉന്നയിച്ച അനുകമ്പാർഹ കാരണമായ ലിവർ ഡൊണേഷൻ നടത്തിയ കാര്യം മുൻപ് കമ്പാഷനേറ്റ് ലിസ്റ്റ് തയ്യാറാക്കിയപ്പോൾ തന്നെ പരിഗണിച്ചിട്ടുള്ളതാണ്. അപേക്ഷകൻ അതനുസരിച്ച് കമ്പാഷനേറ്റ് ലിസ്റ്റിൽ ടിയാൾക്ക് രണ്ടാം റാങ്ക് ആയി ഉൾപ്പെട്ടിരുന്നു. ഇതേ കാരണങ്ങളാൽ തുടർച്ചയായി വർഷംതോറും ഒരേ സ്കൂളിൽ സ്ഥിരമായി തുടരാൻ അനുവദിക്കുന്നത്, ട്രാൻസ്ഫർ നിബന്ധനകളെയും ന്യായമായ ഭരണക്രമത്തെയും പ്രതികൂലമായി ബാധിക്കുന്നതാണ്.

(h) Annexure A13-ലെ Clause 6(iv)-നെതിരെ അപേക്ഷകൻ ഉന്നയിക്കുന്ന claim അടിസ്ഥാനരഹിതമാണ്. 50% പരിധി എന്നത് വിവിധ വിഭാഗങ്ങളിലുള്ള അപേക്ഷകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഭരണപരമായ സമത്വം നിലനിർത്തുന്നതിനും രൂപപ്പെടുത്തിയ നയപരമായ തീരുമാനം ആണ്. ട്രാൻസ്ഫർ സംബന്ധിച്ച നയതീരുമാനങ്ങളിൽ, നിയമവിരുദ്ധതയോ ഭരണഘടന വിരുദ്ധതയോ തെളിയിക്കപ്പെടുന്നില്ലെങ്കിൽ, ഇടപെടൽ പരിമിതമാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയും ട്രിബ്യൂണലും സ്ഥിരമായി വിധിച്ചിട്ടുണ്ട്.

(i) ജനറൽ ട്രാൻസ്ഫർ നിബന്ധനകൾ കർശനമായി പാലിച്ചും അപേക്ഷകൻ തന്നിട്ടുള്ള ഓപ്ഷനുകൾ പരിഗണിച്ചും മാത്രമാണ് അലോട്ട്മെന്റ് നൽകിയിട്ടുള്ളത്. ഇതിൽ അന്യായമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല. അതിനാൽ, അപേക്ഷകൻ വീണ്ടും GVHSS കൈതാരം, എറണാകുളം എന്ന സ്കൂളിൽ കമ്പാഷനേറ്റ് അടിസ്ഥാനത്തിൽ തുടരണമെന്ന ആവശ്യം നിലവിലെ ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായതിനാൽ നിയമപരമായി നിലനിൽക്കുന്നതല്ല. അപേക്ഷകൻ ഇതിനകം കമ്പാഷനേറ്റ് ട്രാൻസ്ഫർ ആനുകൂല്യം ലഭിച്ചിട്ടുള്ളതിനാൽ, പൊതുസ്ഥലമാറ്റ നിബന്ധനകൾക്ക് വിധേയനാകേണ്ടതുമാണ്.

(j) മേൽപ്പറഞ്ഞ വസ്തുതകളും നിലവിലെ ഒഴിവുകളുടെ സ്ഥിതിവിവരവും പരിഗണിക്കുമ്പോൾ, Annexure A13-ലെ Clause 6(iv) പ്രകാരമുള്ള നിയന്ത്രണങ്ങൾ കാരണം അപേക്ഷകൻ ആവശ്യപ്പെട്ടിരിക്കുന്ന റിട്ടൻഷൻ അനുവദിക്കുന്നത് ഈ ഘട്ടത്തിൽ സാധ്യമല്ലെന്നും, അതിനാൽ അപേക്ഷകന്റെ ആവശ്യം അനുകൂലമായി പരിഗണിക്കാൻ കഴിയില്ലെന്നും ഇതിനാൽ അറിയിക്കുന്നു.

4. 2025-2026 അധ്യയന വർഷത്തേക്കുള്ള പൊതു സ്ഥലംമാറ്റ ഉത്തരവ് പ്രകാരം, എറണാകുളം ജില്ലയിലെ കൈതാരം GVHSS ലേക്ക് സ്ഥലംമാറ്റം ലഭിക്കാത്തതിനെ തുടർന്ന്, വൊക്കേഷണൽ ഇൻസ്ട്രക്ടർ ശ്രീ. പ്രമോദ് കുമാർ.ഡി സമർപ്പിച്ച അപ്പീൽ അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും നിലവിലുള്ള പൊതു സ്ഥലംമാറ്റ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. പ്രമോദ് കുമാർ.ഡി യുടെ ഹോം സ്റ്റേഷൻ എറണാകുളം ജില്ലയാണ്. ടിയാന് ഹോം സ്റ്റേഷനായ എറണാകുളം ജില്ലയിൽ 6/2/2017 മുതൽ 2025-2026 വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ കടപ്പുറം GVHSS ലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതു വരെ ജോലി നോക്കുന്നതിന് അവസരം ലഭിച്ചതായും അനുകമ്പാർഹ പരിഗണന ഒന്നിലധികം തവണ ലഭിച്ചതായും കാണുന്നു.

5. പരാമർശം (2) ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയ നിലവിലുള്ള

പൊതുസ്ഥലംമാറ്റ ചട്ടങ്ങൾ അനുസരിച്ചു ജില്ലാ അടിസ്ഥാനത്തിലെ ഒഴിവുകൾക്ക് ആനുപാതികമായി ആനുകൂല്യാർഹ സ്ഥലംമാറ്റം, മുൻഗണനാ സ്ഥലംമാറ്റം എന്നിവ നടത്തുമ്പോൾ അത് ഒരു തസ്തികയിലെ ഒരു ജില്ലയിലുള്ള ആകെ ഒഴിവുകളുടെ 50% ൽ അധികരിക്കാൻ പാടില്ല. കൂടാതെ പരാമർശം (1) ഉത്തരവിൽ ഹോം സ്റ്റേഷനിൽ 5 വർഷത്തിൽ കൂടുതൽ ജോലി ചെയ്തുവരുന്ന വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ ജീവനക്കാരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി പരിഗണന നൽകേണ്ടതില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. പ്രമോദ് കുമാർ.ഡി യ്ക്ക് ടിയാൻ ലിവർ ഡോണർ എന്ന പരിഗണനയുടെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിൽ അനുകമ്പാർഹ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും, പരാമർശം (1) ഉത്തരവിലെ Clause 6(iv) ൽ നിഷ്കർഷിച്ചിരുന്ന 50% പരിധി കഴിഞ്ഞതിനാലും ടിയാന് സ്ഥലംമാറ്റം ആവശ്യപ്പെട്ടിരുന്ന സ്കൂളിലെ പട്ടികയിലെ 5-ാമത്തെ ഓപ്ഷൻ ലഭിച്ചതിനാലും ടിയാന്റെ അപ്പീൽ പരിഗണിക്കേണ്ട ആവശ്യം ഉള്ളതായി കാണുന്നില്ല.

6. മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ കടപ്പുറം GVHSS ലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ ശ്രീ. പ്രമോദ് കുമാർ.ഡി ക്ക് 2025-2026 ലെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചപ്പോൾ അനുകമ്പാർഹ വിഭാഗത്തിൽ ടിയാൻ ആവശ്യപ്പെട്ട ഒന്നാമത്തെ ഓപ്ഷനായ എറണാകുളം ജില്ലയിലെ കൈതാരം GVHSS ൽ സ്ഥലംമാറ്റം ലഭിക്കാത്തതിനെ തുടർന്ന് സമർപ്പിച്ച അപ്പീൽ നിരസിച്ചുകൊണ്ടും ഇപ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച വിധിന്യായം നടപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ശ്രീ. പ്രമോദ് കുമാർ ഡി., വൊക്കേഷണൽ ഇൻസ്ട്രക്ടർ, GVHSS കടപ്പുറം, തൃശ്ശൂർ
പ്രിൻസിപ്പൽ, GVHSS കടപ്പുറം, തൃശൂർ - 680 514
വിവര- പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് *(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Siju Vasudevan
Date: 10-06-2026 15:31:39

സെക്ഷൻ ഓഫീസർ